# പകർച്ചപനി ശുചീകരണയജ്ഞം-പ്രവർത്തനാവലോകന റിപ്പോർട്ട്

കേരളത്തിലെ 941 ഗ്രാമപഞ്ചായത്തുകളിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള പകർച്ചപനി പ്രതിരോധത്തിന്റെ ഭാഗമായുള്ള ശുചീകരണ പ്രവർത്തനങ്ങൾ 27-06-2017 ന് ആരംഭിച്ചു. തുടർപ്രവർത്തനങ്ങൾ 28-06-2017ന-ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി അതാത് ഗ്രാമപഞ്ചായത്തുകളിലെ ഓഫീസ് ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, അംഗൻവാടി പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, വാർഡു മെമ്പർമാർ എന്നിവരുടെ നേതൃത്വത്തിൽ ജില്ല തിരിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

വിവിധ ജില്ലകളിൽ 28-06-2017ന് നടന്ന പ്രവർത്തനങ്ങൾ താഴെപറയുന്നു.

| ജില്ല | ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 25 |
| കൊല്ലം | 68 |
| ആലപ്പുഴ | 70 |
| പത്തനംതിട്ട | 53 |
| കോട്ടയം | 56 |
| ഇടുക്കി | 42 |
| എറണാകുളം | 82 |
| തൃശ്ശൂർ | 86 |
| പാലക്കാട് | 88 |
| മലപ്പുറം | 94 |
| കോഴിക്കോട് | 21 |
| കണ്ണൂർ | 71 |
| വയനാട് | 38 |
| കാസറഗോഡ് | 38 |

കൊല്ലം ജില്ല–

- പകർച്ചപ്പനി പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടു ത്തുന്നതിനായി ബഹു:സർക്കാർ നിർദ്ദേശപ്രകാരം 5 ഡോക്ടർമാരെ താൽക്കാലികമായി നിയമിച്ചിട്ടുള്ളതും 20 ഗ്രാമപഞ്ചായത്തുകളിൽ നിയമനനടപടികൾ ഉടൻ തന്നെ പൂർത്തീകരിക്കപ്പെടുന്നതാണ്. അവശേഷിക്കുന്ന 43 ഗ്രാമപഞ്ചായത്തുകളിൽ ഉടൻതന്നെ ഡോക്ടർമാരെയും, പാരാമെ ഡിക്കൽസ്റ്റാഫിനെയും നിയോഗിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.
- 68 ഗ്രാമപഞ്ചായത്തുകളിലും ശുചീകരണപ്ര വർത്തനവുമായി ബന്ധപ്പെട്ട് സർവ്വകക്ഷി യോഗം നടന്നിട്ടുണ്ട്.
- പകർച്ചപ്പനി പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ വിഹിതമുൾപ്പെടെ 1,46,52,858/– രൂപ ജില്ലയിലെ 68 ഗ്രാമപഞ്ചായത്തുകളിലെ 1234 വാർഡുകൾക്കായി വിതരണം ചെയ്തിട്ടുണ്ട്.
- 68 ഗ്രാമപഞ്ചായത്തുകളിലായി ആരോഗ്യ പ്രവർത്തകരുടെയും ആശാ വർക്കർമാരുടെയും 1218 പഞ്ചായത്ത്തല യോഗങ്ങൾ നടന്നിട്ടുണ്ട്.
- 350 പകർച്ചപ്പനി പ്രതിരോധ ബോധവത്കരണ സെമിനാറുകൾ നടത്തപ്പെട്ടിട്ടുണ്ട്.
- 909 വാർഡുകളിൽ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ട്.
- 623 സ്കൂളുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തപ്പെട്ടു.
- 943 ശുദ്ധ ജലസ്രോതസ്സുകൾ ശുദ്ധീകരിച്ചു.
- 1059 ഓഫീസുകൾ ശുചീകരണ പ്രവർത്തനത്തിൽ പങ്കാളികളായി.
- 4,39,050 ഭവനങ്ങൾ സന്ദർശനം നടത്തി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ബോധവത്കരണം നടത്തുകയും ചെയ്തു.
- 962 വാർഡുകളിൽ ക്ളോറിനേഷൻ നടത്തി ജലസ്രോതസ്സുകൾ ശുദ്ധീ ക രിച്ചു.
- 1735 ഭക്ഷണ വിൽപ്പന കേന്ദ്രങ്ങളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.



തിരുവനന്തപുരം ജില്ല–

| ക്രമ നമ്പർ | അണ്ടൂർക്കോണം | 28.06.2017-ന് എന്തെല്ലാം ശുചീകരണ പ്രവർത്തനങ്ങൾ നടത്തി | സ.ഉ(സാധ)2096 2017 തീയതി 21.06.2017 പ്രകാരം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ ഉണ്ടങ്കിൽ എത്ര പേരെ നിയമിച്ചു |
|---|---|---|---|
| 1 | അണ്ടൂർക്കോണം | വാർഡ്തല സാനിറ്റേഷൻസമിതിയുടെ നേതൃത്വത്തിൽ വീടുകൾതോറും സ്ക്വാഡ് വർക്ക് മുഖേന ബോധവൽക്കരണം | ഇല്ല |
| 2 | ചെമ്മരുതി | 19 വാർഡുകളിലും ബന്ധപ്പെട്ട വാർഡുമെമ്പറുടെ സാനിദ്ധ്യത്തിൽശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഭവന സന്ദർശനത്തിലൂടെ ബോധവത്ക്കരണവും ,മൈക്ക് അനൗണ്സ്മന്റ് എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു. | ഇല്ല |
| 3 | ചെറുന്നിയൂർ | 9 സ്ക്കൂളുകളിലും സ്പെഷ്യൽ അസമ്പ്ളി ചേർന്നു. ബോധവൽക്കരണം നടത്താനായി സ്ക്കൂളുകളിൽ അറിയിച്ചു. (കൊച്ച് പാലച്ചിറ - വാർഡ് മെമ്പർ ശ്രീമതി രജനി, താന്നിമൂട് ജി.എൽ.പി.എസ് വാർഡ് മെമ്പർ - സുമേഷ്, മുടിയക്കോട് യു.പി.എസ് - ശ്രീ. ബാലകൃഷ്ണൻ, എച്ച്.എച്ച്.റ്റി.എം.യുയപി.എസ് പാലച്ചിറ - ശ്രീ. എസ്.എം. ഇർഫാൻ, ജി.എച്ച്.എസ്, എൽ.പി.എസ്, എൽ.പി.എസ് താന്നിമൂട്, മാർത്തോമ സെട്രൽസ്ക്കൂൾ - പി.എച്ച്.സി താന്നിമൂട്, ഹോളി ഇന്നസെന്റ് പബ്ലിക്ക് സ്ക്കൂൾ - പ്രസിഡന്റ്, പാരഡെയിസ് പബ്ലിക്ക് സ്ക്കൂൾ - വൈസ് പ്രസിഡന്റ്) | ഇല്ല്. 05.07.2017 ന് പഞ്ചായത്ത് ഓഫീസിൽ ഇൻർവ്യൂ നടത്തുന്നതിന് തീരുമാനിച്ചു. |
| 4 | ചിറയിൻകീഴ് | | |
| 5 | ഇടവ | | -- |
| 6 | കാഞ്ഞിരംകുളം | ഉറവിട നശീകരണം, ഓടകൾ വൃത്തിയാക്കി, എല്ലാ വീടുകളിലും നോട്ടീസ് വിതരണം ചെയ്തു, ബ്ലിച്ചിംഗ്, ലോഷൻ എന്നിവ വിതരണം ചെയ്തു | ഇല്ല |
| 7 | കരകുളം | ഉറവിട നശീകരണം, ഓടകൾ വൃത്തിയാക്കി, എല്ലാ വീടുകളിലും നോട്ടീസ് വിതരണം ചെയ്തു, ബ്ലിച്ചിംഗ്, ലോഷൻ എന്നിവ വിതരണം ചെയ്തു | ഇല്ല |
| 8 | കരുംകുളം | വാർഡ്തല കർമ്മസേനയുടെ നേതൃത്വത്തിൽപഞ്ചായത്ത് ഓഫീസിലും പരിസരത്തും വാർഡുകളിലും കൂടിക്കിടന്ന ഖരമാലിന്യങ്ങൾ നീക്കം ചെയ്തു. പ്ളാസ്റ്റിക് മറ്റ് അജൈവമാലിന്യങ്ങൾ എന്നിവ വേർതിരിക്കുകയും ജൈവമാലിന്യങ്ങൾ സംസ്കരിക്കുകയും ചെയ്തു. | ഇല്ല. |
| 9 | കിളിമാനൂർ | 15 വാർഡിലും ഭവന സന്ദർശനത്തിലൂടെ ബോധവത്ക്കരണവും ,മലിനജലം തുറന്ന് വിടൽ, ഫോഗിംഗ്, ക്ലോറിനേഷൻ,മൈക്ക് അനൗണ്സ്മന്റ് എന്നീ പ്രവർത്തനങ്ങൾ നടത്തി | ഇല്ല |

| | | | |
|---|---|---|---|
| 10 | കുളത്തൂർ | പരിസരശുചീകരണം | പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ചു |
| 11 | കുന്നത്തുകാൽ | എല്ലാ വാർഡുകളിലും ആശാ, സാനിട്ടേഷൻ പ്രവർത്തകർ, തൊഴിലുറപ്പ് പ്രതിനിധികൾ, മറ്റു സന്നദ്ധപ്രവർത്തകർ, ജനപ്രതിനിധികൾ, എച്ച്.ഐ,ജെ.എച്ച്.ഐ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. 1759 വീടുകളിൽ സന്ദർശനം നടത്തി. ഉറവിട നശീകരണം, ക്ലോറിനേഷൻ നടത്തി. പൊതു സ്ഥലങ്ങൾ വൃത്തിയാക്കി, വെള്ളക്കെട്ട് പരിഹരിച്ചു. | |
| 12 | മലിയൻകീഴ് | 20 വാർഡുകളിലും ബന്ധപ്പെട്ട വാർഡുമെന്പറുടെ സാനിദ്ധ്യത്തിൽശുചീകരണ പ്രവര്ത്തനങ്ങൾ നടന്നു വരുന്നു | |
| 13 | മംഗലപുരം | 20വാർഡുകളിലും വാർഡുതല സാനിട്ടേഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിലും,മെമ്പർമാരുടെ15 വാർഡിലും ഭവന സന്ദർശനത്തിലൂടെ ബോധവത്ക്കരണവും ,മലിനജലം തുറന്ന് വിടൽ, ഫോഗിംഗ്, ക്ലോറിനേഷൻ,മൈക്ക് അനൌണ്സ്മന്റ് എന്നീ പ്രവർത്തനങ്ങൾ നടത്തി നേതൃത്വത്തിലും ശുചീകരണപ്രവർത്തനങ്ങൾ ആരംഭിച്ചു, എല്ലാ സ്കൂളുകളിലും,സർക്കാർ ആഫീസുകളിലും ശുചിത്വ കാംപയിൻ ആരംഭിച്ചു ,പ്രധാനജംഗഷനുകളിലും ഒാടകളിലും വെള്ളകെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്്ചു വരുന്നു. ,ശുചിത്വ ബോധവൽക്കരണം സംബന്ധിച്ച സർക്കാർനോട്ടീസ് എല്ലാവീടുകളിലും വിതരണം ചെയ്തു തുടങ്ങി . പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളും ,മരുന്നുകളും ഉറപ്പ് വരുത്തി, പകർച്ചപ്പനി പടരാതിരിയ്ക്കുന്നതിനുള്ള മുൻ കരുതൽ നടപടികളെ ക്കുറിച്ച് മൈക്ക് അനൌണ്സ്മന്റ് നടത്തി. ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ കൊതുകിന്റെ ഉടവിട നശീകരണം, ഡ്രൈ ഡേ ആചരിയ്ക്കൽ എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകി വരുന്നുമുണ്ട് | നിയമിച്ചിട്ടില്ല |
| 14 | മാനനല്ലൂർ | റോഡുകൾ, ഓടകൾ, പൊതുസ്ഥലങ്ങൾ ഉൾപ്പടെ വാർഡിലെ മുഴുൻ പ്രദേശങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ് | ഇല്ല |
| 15 | നെല്ലനാട് | വാർഡുതല സാനിട്ടേഷൻ കമ്മിറ്റി രൂപീകരിക്കുന്നു. | ബാധകമല്ല |
| 16 | പള്ളിച്ചൽ | പഞ്ചായത്ത് തല ബോധവത്ക്കരണ യോഗം വിളിച്ചിട്ടുണ്ട് | ഇല്ല |
| 17 | പള്ളിക്കൽ | വാര്ഡ് തല ശുചീകരണം , ഭവന സന്ദര്ശനം, ക്ലോറിനേഷൻ | ഇല്ല |
| 18 | പാങ്ങോട് | ഭവന സന്ദർശനം, ലഘുലേഖ വിതരണം, ആയുർവേദ ഹോമിയോ ഡിസ്പെൻസറി എന്നിവയുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ, സൌജന്യ മരുന്നുകൾ വിതരണം , ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു. | ഇല്ല, അടിയന്തിരമായി നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 19 | പൂവച്ചൽ | സ്കൂളുകൾ, അംഗൻവാടികൾ, സർക്കാർ സ്ഥാപനങ്ങൾ ശുചീകരിച്ചു. | നിയമിച്ചിട്ടില്ല. 28/06/17 ന് ഇന്റർവ്യൂ നിശ്ചയിച്ചിട്ടുണ്ട്. |
| 20 | പുളിമാത്ത് | ബാക്കിയുള്ള വാർഡുകൾ,സ്കൂളുകൾ, അംഗൻവാടികൾ ശുചീകരിക്കുന്നതിന് നടപടി സ്വീകരിച്ചു.വീടുകളിൽ ഉറവിട നശീകരണം നടത്തി | |
| 21 | പുല്ലമ്പാറ | എലിവിഷ വിതരണം, ബോധവത്കരണ നോട്ടീസ് വിതരണം, മൈക്ക് അനൗൺസ്മെന്റ്, സംയുക്ത മെഡിക്കൽ ക്യാമ്പ്, | നിയമിച്ചിട്ടില്ല. |
| 22 | ഉഴമലയ്ക്കൽ | സ്കൂളുകൾ, അംഗൻവാടികൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു | നിയമിച്ചിട്ടില്ല. |
| 23 | വാമനപുരം | പഞ്ചായത്തിലുള്ള മഴുവൻ പൊതു സ്ഥാപനങ്ങളുടെയും പരിസര ശുചീകരണം, ഭവന സന്ദർശനം, നോട്ടീസ് വിതരണം, ക്ലോറിനേഷൻ, കൂത്താടി ഉറവിട നശീകരണം | ഇല്ല |

തൃശ്ശൂർ.

തൃശ്ശൂർ ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിലും, എല്ലാ വാർഡുകളിലും ശുചീകരണപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

1. 70 ഗ്രാമപഞ്ചായകളിൽ ഗ്രാമപഞ്ചായത്ത് ഓഫീസും, പരിസരവും, ശുചീകരിച്ചിട്ടുണ്ട്.

2. 86 ഗ്രാമപഞ്ചായത്തുകളും വാർഡ് തലത്തിൽ നോട്ടീസ് വിതരണവും ബോധവൽക്കരണവും നടന്നുവരുന്നുണ്ട്.

3. 40 ഗ്രാമപഞ്ചായത്തുകളിൽ അലോപ്പതി, ആയുർവേദം, ഹോമിയോ വകുപ്പുകൾ സംയുക്തമായി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

4. എല്ലാ ഗ്രാമപഞ്ചായത്തുകളും കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരുടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

5. 10 ഗ്രാമപഞ്ചായത്തുകളിൽ പ്രഥമിക ആരോഗ്യകേന്ദ്രങ്ങളും അതിനോടനുബന്ധിച്ചുള്ള സ്ഥലങ്ങളും ശുചീകരിച്ചു.

6. എല്ലാ ഗ്രാമപഞ്ചായത്തുകളിലും എല്ലാ വാർഡുകളിലും വീടുകൾ തോറും ശുചിത്വ സ്ക്വാഡ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗാർഹിക പരിസരശുചിത്വ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

7. എല്ലാ ഗ്രാമപഞ്ചായത്തുകളിലും റോഡുകൾ, തോടുകൾ, കാനകൾ എന്നിവ വൃത്തിയാക്കിവരുന്നു.

8. എടത്തുരുത്തി ഗ്രാമപഞ്ചായത്ത് സെന്ററിൽ 12.00 മണി മുതൽ 2.00 മണിവരെ കടകൾ അടച്ച് എല്ലാവരും പൊതുസ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനം നടത്തി.

9. പാവറട്ടി ഗ്രാമപഞ്ചായത്തിൽ പാവറട്ടി ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ

പകർച്ചപനി തടയുന്നതിന്റെ ബോധവൽക്കരണത്തിനായി സെന്ററുകളിൽ തെരുവ് നാടകങ്ങൾ അവതരിപ്പിച്ചു.

10. മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ അംഗനവാടികളിലും, സ്ക്കൂളുകളിലും, ആരോഗ്യപരിശോധനകൾ നടത്തി.



## എറണാകുളം

എറണാകുളം ജില്ലയിലെ 82 ഗ്രാമപഞ്ചായത്തുകളിലും ശുചീകരണ ക്യാംമ്പയിൻ പ്രവർത്തന കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

വാർഡ് തലത്തിൽ കുടുംബശ്രീ, ക്ലബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ, വാർഡ് മെമ്പർമാർ, ആശാവർക്കർമാർ എന്നിവയുടെ സഹകരണത്തോടെ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് പരിസര ശുചീകരണം ഉറപ്പാക്കുന്നു. വാർഡ്തല സമിതിയുടെ നേതൃത്വത്തിൽ വെള്ളക്കെട്ട് ഒഴിവാക്കി ഗൃഹസന്ദർശനം നടത്തി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. പൊതുജനങ്ങളുടെ അറിവിലേക്കായി മൈക്ക് അനൗൺസ്മെന്റ് നടത്തുകയും, പൊതുസ്ഥലത്തെ കാടും മറ്റും വെട്ടി വൃത്തിയാക്കുകയും, ഓടകൾ വൃത്തിയാക്കി കൊതുക് പെരുകുന്നതിനുള്ള മാർഗ്ഗങ്ങൾ തടഞ്ഞു. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കൊതുക് നശീകരണത്തിനുവേണ്ടി പുകയ്ക്കുന്നതിനുള്ള ആയുർവേദ മരുന്നുകൾ നൽകുകയും, ഫോംഗിങ്ങ് എന്നിവയും നടത്തി. വാർഡ്തല സാനിറ്റേഷൻ സമിതിയുടെ നേതൃത്വത്തിൽ വാർഡുകളിൽ രൂപീകരിച്ചിട്ടുള്ള 3 പേരെടങ്ങുന്ന സ്ക്വാഡുകളുടെ സഹായത്തോടെ ശുചീകരണ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.

കുടുംബശ്രീ വഴി ഓരോരുത്തരും അവരവരുടെ വീടും പരിസരവും ക്ലീൻ ചെയ്യുവാൻ ഉള്ള നടപടികൾ ആരംഭിച്ചു. ചേരാനെല്ലൂർ ഗ്രാമപഞ്ചായത്തിൽ ബഹു.

എറണാകുളം എം.എൽ.എ-യുടെ നേതൃത്വത്തിൽ മീറ്റിംഗ് ചേർന്ന് സ്ഥിതിഗതികൾ അവലോകനം ചെയ്ത് ശുചീകരണ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് തീരുമാനിച്ചു.

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്കൂളുകളിലെ ഓരോ കുട്ടിയും, തന്റെ വീടിന് സമീപത്തുള്ള 5 വീടുകൾ സന്ദർശിച്ച് പകർച്ചപ്പനി തടയുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും ഈ വീടുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.



## വയനാട്

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | 27.06.17-നു നടത്തിയ പ്രവർത്തനങ്ങൾ | 28.06.17-നു നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | 29.06.17-നു നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ | ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ |
|---|---|---|---|---|---|
| 1 | അമ്പലവയൽ | പ്രസിഡന്റിന്റെ നേതൃത്വത്തിൽ അവലോകന യോഗം നടത്തി ഹെല്ത്തിലെ ഉദ്യോഗസ്ഥരും ഭരണസമിതി അംഗങ്ങളും പങ്കെടുത്തു. | ടൌൺ ട്രെയ്നജ് ക്ലീനിംഗ്. റോഡ് സൈഡ് വൃത്തിയാക്കാൽ. ഉച്ചതിരിഞ്ഞ് പഞ്ചായത്ത് തല കർമ്മ പരിപാടി രൂപീകരിക്കൽ | വാർഡ് തല ക്ലീനിംഗ് | ഇല്ല |
| 2 | എടവക | പ്രസിഡന്റിന്റെ നേതൃത്വത്തിൽ അവലോകന യോഗം നടത്തി ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരും ഭരണസമിതി അംഗങ്ങളും പങ്കെടുത്തു. | പഞ്ചായത്തിലെ വാളേരി ,തോണിച്ചാൽ,ഒരപ്പ് എന്നിവിടങ്ങളിൽ ക്ലീനങ്ങ് | പൊതു സ്ഥാപനങ്ങൾ ക്ലീനിംങ്ങ് | ഇല്ല |
| 3 | കോട്ടത്തറ | 24/06/2017 ന് പഞ്ചായത്ത് യോഗത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തു. 27/06/2017 ന് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വ്യാപാരി പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ യുവജന സംഘടനകളുടെ പ്രതിനിധികൾ കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ സംഘടന ഭാരവാഹികൾ, ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർ, വിവിധ സ്ഥാപന മേധാവികൾ , അദ്ധ്യാപകർ, എന്നിവരെ ഉൾപ്പെടുത്തി യോഗം ചേർന്ന് പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്ത് ചെയ്യേണ്ട പ്രവർത്തനങ്ങളുടെ കർമ്മ പദ്ധതി അംഗീകരിച്ചു. | ഓരോ വാർഡിലും പൊതുസ്ഥലങ്ങൾ ശുചീകരിക്കുന്നതിനും ഗൃഹസന്ദർനം നടത്തി ബോധവത്കരണം നടത്തുന്നതിന് തീരുമാനിച്ചു.പട്ടിക വർഗ്ഗ കോളനികൾ സന്ദർശിച്ച് കൊളനികളിൽ പ്രത്യേക ശ്രദ്ധ നൽകി ശുചീകരണം നടത്തുന്നതിന് തീരുമാനിച്ചിട്ടണ്ട്.. | ഗ്രാമപഞ്ചായത്തിലെ പ്രധാന ടൌണായ വെണ്ണിയോടും , പഞ്ചായത്ത് പരിസരവും മറ്റ് പൊതു സ്ഥാപനങ്ങളുടെ പരിസരവും ശുചീകരിക്കുന്നതിന് തീരുമാനിച്ചു. | ഇല്ല |
| 4 | കണിയാമ്പറ്റ | പ്രസിഡന്ററെ നേതൃത്വത്തിൽ നടത്തിയ അവലോകനയോഗത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവര്ത്തിക്കുന്നവർ ,വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിതികഷൾ,ആരോഗ്യരംഗത്തെ പ്രവർത്തകർ, എ. ഡി. എസ്, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, അംഗൺവാടി വർക്കർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, വാർഡ് വികസനസമിതി അംഗങ്ങൾ, പ്രൊമോട്ടർമാർ തുടങ്ങിയവർ പങ്കെടുത്തു. | ആശാ വർക്കർമാർ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, പ്രൊമോട്ടർമാർ എന്നിവരെ ഉൾടുത്തിക്കൊണ്ട് എല്ലാ വാർഡുകളിലും ശുചിത്വ പരിപാടികൾ, ബോധവൽക്കരണ ക്ലാസ്സുകൾ, വാർഡ്തലത്തിലും സ്ഥാപന തലത്തിലും ശുചീകരണ പരിപാടികൾ നടത്തുന്നു | പഞ്ചായത്തിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു | ഉണ്ട് |
| 5 | പടിഞ്ഞാറത്തറ | ആശാവർക്കര്മാരുടെ നേതൃത്വത്തിൽ എല്ലാ വീടുകളും സന്ദർശിച്ച് കൊതുക് പെരുകുന്നതിനുള്ള സാധ്യതകൽ കണ്ടുപിടിച്ച് ഉറവിടത്തിൽ തന്നെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. | പകർച്ച വ്യാധി നിയന്ത്രണനുമായി ബന്ധപ്പെട്ട് അടിയന്തിര ബോർഡ് മീറ്റിംഗ് വിളിച്ച് ചേർത്ത് ഇന്ന് 3 മണി മുതൽ എല്ലാ വാർഡുകളിലും കൊതുക് നശീകരണത്തിനും, പകർച്ച വ്യാധി നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ഭരണ | ആശാ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ, സാനിറ്റേഷൻ പ്രവർത്തകർ, ഓഫീസ് മേധാവികൾ വ്യാപാരികൾ, തൊഴിലുറപ്പ് പ്രവർത്തകർ എല്ലാ വാർഡുകളിലും കൊതുക് നിർമ്മാർജ്ജന പ്രവർത്തനത്തിന് ഏർപ്പെടുവാനും പകർച്ച വ്യാധി നിയന്ത്രിക്കുന്നതിനുള്ള | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | സമിതി തീരുമാനിച്ചു. ആയതിന്റെ ഭാഗമായി എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും മാലിന്യം നിർമാർജ്ജനം ചെയ്യാന്നുള്ള നോട്ടീസ് നൽകി. | എല്ലാ വീടുകളിലും ബോധവത്കരണം നടത്തുവാനും തീരുമാനിച്ചു. | |
| 6 | പനമരം | പ്രസിഡന്റെറ നേതൃത്വത്തിൽ നടത്തിയ അവലോകനയോഗത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവര്ത്തിക്കുന്നവർ ,വിവിധ രാഷ്ട്രിയ കക്ഷി പ്രതിനിതികഷൾ,ആരോഗ്യരംഗത്തെ പ്രവർത്തകർ, എ. ഡി. എസ്, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, അംഗൺവാടി വർക്കർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, വാർഡ് വികസനസമിതി അംഗങ്ങൾ, പ്രൊമോട്ടർമാർ തുടങ്ങിയവർ പങ്കെടുത്തു. | | | |
| 7 | മീനങ്ങാടി | 27.06.2017 ന് പഞ്ചായത്ത് തലത്തിൽ യോഗം ചേരുകയും പകർച്ച പനികളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട് സാധ്യമായ പ്രവർത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം 28.06.2017 മുതൽ വാർഡ് തലത്തിൽ സുചീകരണ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്. | | | |
| 8 | നെന്മേനി | പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വാർഡ്തല സാനിറ്റേഷൻ സമിതി ചേരുകയും ശുചികരണ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു | 28.06.2017 ന് പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളുടെയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻമാരുടേയും വിദ്യാഭ്യാസസ്ഥാപനമേധാവികളുടേയും യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. | | ഇല്ല |
| 9 | തവിഞ്ഞാൽ | ബഹു . മന്ത്രിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 27.06.2017 ന് പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളുടെയും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥൻമാരുടേയും വിദ്യാഭ്യാസസ്ഥാപനമേധാവികളുടേയും യോഗംചേരുകയും അടിയന്തിര പ്രാധാന്യത്തോടെ തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു . | ജനപ്രതിനിധികൾ ,വാർഡ് തല ഹെൽത്ത് ആൻഡ് സാനിറ്റേഷൻ കമ്മിറ്റി ,ആരോഗ്യ വകുപ്പ് പ്രവർത്തകർ ,കുടുംബശ്രീ അംഗങ്ങൾ ,ആശാവർ ക്കർമാർ ,സാമൂഹ്യപ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതാണ് .മുഴുവൻ വീടുകളിലും സന്ദർശനം നടത്തി ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ബോധവൽകരണം നടത്തുന്നതാണ് . | ജനപ്രതിനിധികൾ ,വ്യാപാരി വ്യവസായികൾ ,ട്രേഡ് യുണിയൻ പ്രവർത്തകർ ,ആരോഗ്യവകുപ്പുപ്രവർത്തകർ,പഞ്ചായത്ത് ഓഫീസ് ജീവനക്കാർ, മറ്റ് സന്നദ്ധ പ്രവർത്തകർ, വിവിധ സ്ഥപങ്ങളിലെ ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ തലപ്പുഴ ,വാളാട്,പേരിയ എന്നീ ടൌണുകളിലും സ്കൂളുകൾ,അംഗൻവാടികൾ മുതലായ പൊതു സ്ഥപങ്ങളിലും ശുചീകരണപ്രവർത്തങ്ങൾ നടത്തുന്നതാണ് . | നിലവിൽ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാണ് |
| 10 | തൊണ്ടർനാട് | പഞ്ചായത്ത് തല അവലോകന യോഗം 27/06/2017 ന് നടത്തി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി . | പഞ്ചായത്തിലെ സ്കൂളുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരോഗ്യ മേഖലയിലെ സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾകാള്ളിച്ചുകൊണ്ടുള്ള വിപുലമായ യോഗം വിളിച്ച് ചേർക്കാൻ തീരുമാനിച്ചു | ഗ്രാമപഞ്ചായ്തതിന്റെ പ്രധാന കേന്ദ്രങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കർമ പരിപാടികൾ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ചു | ഇല്ല |
| 11 | മേപ്പാടി | പഞ്ചായത്ത് പ്രസിണ്ടന്റിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തേണ്ട ശുചീകരണ പ്രവർത്തനങ്ങളെ പറ്റി ചർച്ച ചെയ്തു. ചർച്ചയിൽ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ വ്യാപാരി വ്യവസായി പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധ പ്രവര്ത്തകർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുത്തു. | മേപ്പാടി ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ് മുതൽ മേപ്പാടി പഞ്ചായത്ത് ഓഫീസ് വരെയുള്ള റോഡിന്റെ ഡ്രൈനേജുകളും റോഡ് സൈഡ് വൃത്തിയാക്കൽ പ്രവർത്തിയും നടത്തി. പ്രസ്തുത പ്രവര്ത്തിയിൽ പഞ്ചായത്ത് ജീവനക്കാരും ഭരണ സമിതിയും സ്കൂൾ കുട്ടികളും കുടുബശ്രീ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും വ്യാപാരി വ്യവസായി സമിതിക്കാരും നാട്ടുകാരും പങ്കെടുത്തു. | ഗ്രാമപഞ്ചായത്തിലെ 22 വാര്ഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. | നിലവിൽ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാരുടെ സേവനം ലഭ്യമാണ് |
| 12 | തരിയോട് | ബഹു . മന്ത്രിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 27.06.2017 ന് പഞ്ചായത്ത് തലത്തിൽ അടിയന്തിര യോഗം ചേരുകയും , വ്യാപിക്കുന്ന പകര്ച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും , പനിമരണങ്ങള് തടയുന്നതിനും യുദ്ധകാലാടിസ്ഥാനത്തില് നടപടികള് സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയില് വരുന്ന സ്കൂളുകള് , വിവിധ സ്ഥാപനങ്ങള് എന്നിവിടങ്ങളില് സ്ഥാപന മേധാവികളുടെ നേതൃത്വത്തില് ശുചീകരണം നടത്തി . | വാർഡ് തലത്തില് ശുചീകരണ പ്രവര്ത്തനങ്ങള് നടത്തുന്നതിന് വാര്ഡ് മെമ്പറുടെ നേതൃത്വത്തില് വാര്ഡ് സാനിറ്റേഷന് സമിതിയെ ചുമതലപ്പെടുത്തി തീരുമാനിച്ച കാവുംമന്ദം ടൌണിലെ ഓവുചാലുകള് വൃത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് PWD അസി.എഞ്ചിനീയറോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു. | പരിസരങ്ങള് വൃത്തിയായി സൂ&ിക്കുന്നതിനും മാലിന്യങ്ങള് ശാസ്ത്രീയമായി സംസ്ക്കരിക്കുന്നതിനും കച്ചവടക്കാര്ക്ക് കര്ശന നിര്ദ്ദേശം നല്കി. മെഡിക്കല് ഓഫീസറുടെ നേതൃത്വത്തില് ടൌണ് സാനിറ്റേഷന് സമിതി രൂപീകരിക്കുന്നതിനും മാസത്തിലൊരിക്കല് ടൌണ് പരിശോധിച്ച് തുടര് നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു. | ഇല്ല. |
| 13 | പൊഴുതന | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ആരോഗ്യ വകുപ്പ് ജീവനാക്കാർ , കുടുംബ ശ്രീ പ്രവർത്തകർ, ആശാവക്കർമാർ എന്നിവരുടെ നേതൃത്വത്തിൽ കൊതുകു നശീകരണ പ്രവർത്തനം, കൂത്താടികളെ നശിപ്പിക്കൽ. എന്നിവ നടപ്പാക്കി. | പഞ്ചായത്ത് പ്രതിനിധികൾ, ആരോഗ്യ വകുപ്പ്, വിവിധ രാഷ്ട്രീയ പാര്ട്ടി പ്രതിനിധികൾ, ആസൂത്രണ സമിതി അംഗങ്ങൾ, അംഗനവാടി ടീച്ചര്മാരർ, വാർഡു്ി വികസന സമിതി അംഗങ്ങൾ എന്നിവരുടെ യോഗം വിളിച്ചു ചേര്ക്കാ ൻ തീരുമാനിച്ചു | പഞ്ചായത്തിലെ വിവധ പ്രദേശങ്ങളിലെ ഡ്രൈയേ്നജ് വൃത്തിയാക്കുവാൻ തീരുമാനിച്ചു. | ഇല്ല |
| 14 | വൈത്തിരി | 1. ഘടക സ്ഥാപനങ്ങളും പരിസരവും ശുചീകരിക്കുന്നതിന് ഘടക മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. പഞ്ചായത്ത് പരിധിയിലെ വ്യാപാര സ്ഥാപനങ്ങൾക്ക് ശുചിത്വ ഹർത്താൽ ആചരണവുമായി ബന്ധപ്പെട്ട് നോട്ടീസ് വിതരണം ചെയ്തിട്ടുണ്ട്. | ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരം ശുചീകരണം | വൈത്തിരി ഗ്രാമപഞ്ചായത്തിൽ രാവിലെ 9 മണി മുതൽ 11 മണി വരെ ശുചിത്വ ഹർത്താൽ (വ്യാപാരിസ്ഥാപനങ്ങൾ, ടാക്സി ഡ്രൈവർമാർ എന്നിവരും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും സാമൂഹ്യ പ്രവർത്തകരും ഉൾെപ്പടെ) | ഇല്ല |
| 15 | പുൽപ്പള്ളി | പ്രസിഡന്റെറ നേതൃത്വത്തിൽ നടത്തിയ അവലോകനയോഗത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവര്ത്തിക്കുന്നവർ ,വിവിധ രാഷ്ട്രിയ കക്ഷി പ്രതിനിതികഷൾ,ആരോഗ്യരംഗത്തെ പ്രവർത്തകർ, എ. ഡി. എസ്, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, അംഗൺവാടി വർക്കർമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, വാർഡ് വികസനസമിതി അംഗങ്ങൾ, പ്രൊമോട്ടർമാർ,ആശാവർക്കർമാർ,വ്യാപാരി വ്യവസായികൾ തുടങ്ങിയവർ പങ്കെടുത്തു. വാർഡുതല ടീം രൂപീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു.27/6/2017, 28/06/2017, 29/6/2017 എന്നീ ദിവസങ്ങളില് വീടുകള്,കോളനികള്,സ്ഥാപനങ്ങള്,ടൌണ് പരിസരം, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവ സന്ദർശിച്ച് കൊതുക് നശീകരണം,ബ്ലീച്ചിംഗ് പൌഡര് ഉപയോഗിച്ച് അണുനാശിനി പ്രവർത്തനങ്ങൾ,ക്യാംപയിൻ പ്രവർത്തനങ്ങളഅ എന്നിവ നടത്തുന്നതിന് തീരുമാനിച്ചു. 03/07/2017 നുള്ളിലായി പാൽ സൌസൈറ്റികൾ കേന്ദ്രീകരിച്ച് കൂടുതൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതിനും | ശുചീകരണ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാർഡുതലത്തിൽ കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കാർമാർ ,അങ്കണവാടി പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി കോളനികളിലും ,വീടുകളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു. പാക്കം പിഎച്ച്.സി,പുൽപ്പള്ളി സി.എച്ച്.സി. എന്നിവരുടെ നേതൃത്വത്തിൽ ക്യാംപയിൻ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു. | ടൌൺ പരിസരങ്ങൾ,മറ്റ് പൊതു സ്ഥലങ്ങൾ ,സ്ഥാപനങ്ങൾ,സ്ക്കൂളുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചു | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | വ്യാപാരി വ്യവസായികളുടെ നേതൃത്വത്തില് ഒരു ദിവസത്തെ ശുചിത്വ ഹർത്താൽ നടപ്പിലാക്കുന്നതിനും തീരുമാനിച്ചു. ആതുരാലയങ്ങളിൽ ഡോക്ടേഴ്സിന്റെയും നേഴ്സുമാരുടെയും സേവനത്തിൽ കുറവുണ്ടെങ്കിൽ ആയത് അറിയിക്കുന്നതിന് അതാത് ആരോഗ്യ കേന്ദ്രങ്ങളുടെ മേലധികാരികൾക്ക് നിർദേശം നൽകിയിട്ടുണ്ട്.ചാനലുകളിലും ,നവമാധ്യമങ്ങൾ വഴിയും പൊതു ജനങ്ങളിലേക്ക് ബോധവൽക്കരണം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. 20 വാർഡുകളിലും മെമ്പർമാർ ചെയർമാൻമാരായും കണവീനർമാരായി എച്ച്.ഐ/ജെ.എച്ച്.ഐ/ജെ.പി.എച്ച്.എൻ തുടങ്ങിയവരേയും എന്നവരുടെയും നേതൃത്വത്തിൽ വാർഡുതല കമ്മിറ്റികൾ രൂപീകരിച്ചു. ഉച്ചയ്ക്ക് ശേഷം മുതൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വാർഡുകളിൽ പുൽപ്പള്ളി സി.എച്ച്.സി.യുടെയും ,പാക്കം പി.എച്ച്.സി.യുടേയും നേതൃത്വത്തിൽ മേൽ വാർഡുതല ടീമംഗങ്ങൾ ചേർന്ന് കൊണ്ട് 341 വീടുകളും 7 സ്ഥാപനങ്ങളും സന്ദർശിച്ച് മാർഗ്ഗ നിർദേശങ്ങളും ക്ലാസ്സുകളും നൽകി. പ്ലാസ്റ്റിക് കണ്ടെയ്നറുകൾ,ചിരട്ട,കൊട്ട,പാള തുടങ്ങിയ 605 കണ്ടെയ്നറുകൾ നീക്കം ചെയ്തിട്ടുണ്ട്. രണ്ട് കോളനികളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു. 199 നോട്ടീസുകൾ വിതരണം ചെയ്തു. | | | |
| 16 | മുള്ളൻകൊല്ലി | 1 മുതൽ 18 വരെയുള്ള വാർഡുകളിൽ 15 ആംഗ കമ്മിറ്റി രൂപീകരിച്ചു. 27.06.2017 ന് ജില്ലാ മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പക്ടർ, വാർഡ് മെമ്പർ, അംങ്കൻവാടി വർക്കർമാർ, എസ് സി/എസ് റ്റി പ്രമോട്ടർമാർ, വാർഡ് വികസന കൺവീനർ, എ ഡി എസ് ഭാരവാഹികൾ, കുടുംബശ്രീ പ്രവർത്തകർ, ക്ഷീര സംഘം അംഗങ്ങൾ ,എന്നിവരുടെ നേതൃത്വത്തിൽ 4,8,15 വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങളും ബോധവത്ക്കരണവും നടത്തി. | മുള്ളൻകൊല്ലി ടൌണിലെ ഓടകൾ വ്യത്തിയാക്കുന്നതിനും, മറ്റു വാർഡുകളിലും ശുചീകരണ പ്രവർത്തനങ്ങൾ | 28.06.2017 ന് പൂർത്തീകരിക്കാത്ത വാർഡുകളിൽ ശുചീകരണവും ബോധവത്ക്കരണ ക്ലാസും | |
| 17 | പൂതാടി | ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരവും ഗ്രാമപഞ്ചായത്തിനോട് ചേർന്ന റബ്ബർ തോട്ടത്തിലെ വെള്ളക്കെട്ട് ഒഴിവാക്കുകയും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു, ജനപ്രതിനിധികൾ, ജീവനക്കാർ, ആരോഗ്യപ്രവർത്തകർ എന്നിവർ പങ്കെടുത്തു | 22 വാർഡുകളിലും ക്ലീൻകേരള പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ കുടുംബശ്രീ പ്രവർത്തകർ, ട്രൈബൽ പ്രമോട്ടർമാർ, അംഗൺവാടി പ്രവർത്തകർ, സാമൂഹ്യ സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ വിവധ സ്കോഡുകളായി പനി നിരീക്ഷണം, ഉറവിട നശീകരണം ആരോഗ്യ ബാധവൽകരണം എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. | വാർഡ് തലത്തിൽ ഉറവിട നശീകരണം, ആരോഗ്യ ബോധവൽകരണം, പനി നിരീക്ഷണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതാണ്, ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ടി പ്രവർത്തനങ്ങൾ അവലോകനം നടത്തുന്നതിനായി 2.00 മണിക്ക് യോഗം നിശ്ചയിച്ചിട്ടുണ്ട് | ഇല്ല |
| 18 | വെള്ളമുണ്ട | 20/06/2017 , 22/06/2017 തുടങ്ങിയ തിയ്യതികളിലെ മീറ്റിംഗ് തീരുമാന പ്രകാരം വെള്ളമുണ്ട പഞ്ചായത്തിലെ 21 വാർഡുകളിലും വ്യാപാരി വ്യാവസായി പ്രതിനിധികള്, ഘടക സ്ഥാപനങ്ങള്, എ.ഡി.എസ്, സി.ഡി.എസ് പ്രതിനിധികള്ൊ, ജനപ്രതിനിധികൾ, ആശാ വര്ക്കർമാർ, ഡ്രൈവേഴ്സ് യൂണിയൻ പ്രതിനിധികള് , പഞ്ചായത്ത് ജീവനക്കാർ , എന്നിവയുടെ പങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വെള്ളമുണ്ട 8/4 ടൌണും ശുചീകരിക്കുന്നതിന് മുന്നോടിയായുള്ള നോട്ടീസ് വിതരണം നടത്തി . | 28/6/17 ന് 2.30 മണിക്ക് ഘടകസ്ഥാപനങ്ങള്, മറ്റു സർക്കാർ സ്ഥാപനങ്ങള് , വ്യാപാരി വ്യാവസായി പ്രതിനിധികള്, എ.ഡി.എസ്, സി.ഡി.എസ് പ്രതിനിധികള്ൊ, ജനപ്രതിനിധികൾ, ആശാ വര്ക്കർമാർ, ഡ്രൈവേഴ്സ് യൂണിയൻ പ്രതിനിധികള് , പഞ്ചായത്ത് ജീവനക്കാർ എന്നിവയുടെ സംയുക്ത യോഗം വിളിച്ച് ചേര്ക്കുന്നതിന് തീരുമാനിച്ചു. | വെള്ളമുണ്ട 8/4 ടൌൺ ശുചീകരണവും, പഞ്ചായത്ത് ഘടകസ്ഥാപനങ്ങളുടെ ശുചീകരണവും വാർഡ് തലത്തിൽ ശുചീകരണവും | |
| 19 | മൂപ്പൈനാട് | നോട്ടീസ് വിതരണം,16 വാർഡികളിൽ അതാതു വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ് അധികൃതർ, അംഗൺവാടി ജീവനക്കാർ, കുടുംബശ്രീ അംഗങ്ങൾ, ആശാവർക്കർമാർ എന്നിവരെ ഉൾപെടുത്തി ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. | വ്യാപാരികൾ വടുവൻചാൽ പുതുകാട് എന്നിവടങ്ങളിൽ കടകൾ അടച്ചിട്ട് ശുചീകരണ പ്രവർത്തനം. കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കൽ, ക്ലോറിനേഷൻ | കടച്ചിക്കുന്ന് കോളനി, അമ്പലക്കുന്ന് കോളനി, വെള്ളേരി, ക്ലബ്മട്ടം, ജയ്ഹിന്ദ് കോളനികളിൽ ശുചിത്വ വാളണ്ടിയർമാരും ജീവനക്കാരും സ്കാഡുകളായി തിരിഞ്ഞ് ഓരോ കോളനികളിലും ശുചീകരണ പ്രവർത്തനങ്ങൾ കോളനി നിവാസികളെ കൂടെ ഉൾപെടുത്തികൊണ്ട് നടത്തും. | ഇല്ല |
| 20 | മുട്ടിൽ | ഗൃഹസന്ദർശനം, 19 വാർഡുകളിലും ജന പ്രതിനിധികൾ ,ആശ വർക്കർ, അങ്കണവാടി വർക്കർ, എന്നിവരുടെ ആഭിമുഖ്യത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി | നോട്ടീസ് വിതരണം, പനി സർവ്വേ, ക്ലോറിനേഷൻ, കൊതുകുകളുടെ ഉറവിടെ ശുചീകരണം, വാർഡ് തല ശുചീകരണ പ്രവർത്തനം നടത്തുന്നു. | മൈക്ക് അനോൺസ് മെന്റ്, ശുചീകരണ പ്രവർത്തനങ്ങളിൽ സഹകരിക്കാത്തവർക്ക് കാരണകാണിക്കൽ നോട്ടീസ് നല്കൽ | ഇല്ല |
| 21 | തിരുനെല്ലി | പ്രസിഡന്റിന്റെ നേതൃത്വത്തിൽ സ്ഥാപന മേധാവികളുടേയും, കുടുബശ്രീ, സന്നദ്ദ സംഘടന ഭാരവാഹികൾ, തൊഴിലാളി യൂണിയൻ പ്രവർത്തകർ, വ്യാപാരി പ്രതിനിധികൾ എന്നിവരുടെ വിപുലമായ യോഗം വിളിക്കുകയും 28.06.2017 ന് പഞ്ചായത്തിലെ പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു. | പഞ്ചായത്ത് തലത്തീൽ കൊതുകു നശീകരണം ഉറവിട മാലിന്യ സംസ്കരണം തുങ്ങിയ ശുചീകരണ പ്രവർത്തനങ്ങൾ പുരേഗമിക്കുന്നു. | ,വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു | അപപ്പാറ സാമുഹ്യ ആരോഗ്യ കേന്ദ്രം ബേഗൂർ പ്രാഥമിക ആരോഗ്യ കേന്ദ്രം,ഹോമിയോ, ആയുർവ്വേദ മെഡിക്കൽഓഫീസർ മാർ എന്നിവർക്ക് അടിയന്തിര നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് |
| 22 | വെങ്ങപ്പള്ളി | എല്ലാ വാർഡിലും വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾ നടത്തി | പഞ്ചായത്ത് തലത്തിൽ കൊതു നശീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു, ഹെൽത്ത് ഇൻസ്പക്ടറുടേയും, ആശാവർക്കർമാരുടേയും നേതൃത്തത്തിൽ ബോധവത്കരണവും ശുചീകരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. | പഞ്ചായത്തിലെ വിവിധ ടൌണുകൾ ശുചീകരണം നടത്തുന്നതിന് തീരുമാനിച്ചു. | ഇല്ല |

## കണ്ണൂർ

ജില്ലയിലെ ആകെ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം: 71 എണ്ണം.

28/06/2017 – ശുചീകരണം നടത്തിയത് : 68 ഗ്രാമപഞ്ചായത്തുകൾ

പകർച്ചപനി വ്യാപിക്കുന്നത് നിയന്ത്രണവിധേമാക്കുന്നതുമായി ബന്ധപ്പെട്ട് 28/06/2017 ന് കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങൾ

1) 28/6/2017 ന് ജില്ലയിലെ 68 ഗ്രാമപഞ്ചായത്തുകൾ ശൂചീകരണ പ്രവർത്തനങ്ങൾ നടത്തി. ടൗണുകൾ, കവലകൾ, പൊതു സ്ഥലങ്ങൾ, റോഡുകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്തു. ഓടകൾ വൃത്തിയാക്കി. സന്നദ്ധ സംഘടനകളുമായി സഹകരിച്ച് പൊതു സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ബോധവൽകരണ പ്രവൽത്തനങ്ങൾ നടത്തി.

2) മുഴുവൻ ഗ്രാമപഞ്ചായത്തുകളും 29/06/2017 ന് ശൂചീകരണ ബോധവൽകരണ പ്രവർത്തനങ്ങൾ തുടരും.

3) പകർച്ചപനി കണ്ടെത്തി ചികിത്സിക്കുന്നതിന് ജില്ലയിലെ 4 ഗ്രാമപഞ്ചായത്തുകളിൽ പനി ക്ളിനിക്കുകൾ നടത്തിയിട്ടുണ്ട്.

4) കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 21/06/2017 ലെ സ.ഉ. (സാധാ) നം: 2096/17 പ്രകാരം ഡോക്ടർമാരെ നിയമിച്ചിട്ടില്ല.

## കോഴിക്കോട്

പകർച്ചപ്പനി നിയന്ത്രണവിധേയമാക്കുന്നത് സംബന്ധിച്ച് സൂചന (1) കത്തിലെ നിർദ്ദേശാനുസരണം ഗ്രാമ പഞ്ചായത്തുകൾ നടത്തിയ പ്രവർത്തനങ്ങളുടെ ചുരുക്ക റിപ്പോർട്ടും പ്രഫോർമയും ഇതു സഹിതം സമർപ്പിക്കുന്നു.

വാർഡുകളിൽ ശൂചീകരണത്തോടൊപ്പം ക്ലോറിനേഷൻ നടത്തുകയും മാലിന്യ നിർമ്മാർജന ബോധവൽക്കരണം , റോഡിന്റെ വശത്തുള്ള കാട് വെട്ടൽ, അങ്കണവാടികൾ, സ്ക്കൂൾ എന്നിവയിലെ ശൂചീകരണം, ജലാശയങ്ങളിലെ പ്ലാസ്റ്റിക്ക് മാലിന്യം നീക്കംചെയ്യൽ , ഓഫീസ് പരിസരം വൃത്തിയാക്കൽ ഉറവിട നശീകരണം, ലഘു ലേഖ വിതരണം, പ്രതിരോധ മരുന്ന് വിതരണം മുതലായ ചെയ്തിട്ടുണ്ടെന്നുള്ള വിവരവും ബോധിപ്പിക്കുന്നു.

## പത്തനംതിട്ട

പത്തനംതിട്ട ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ ഒരു പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിച്ചിട്ടുള്ളതാണ്. മറ്റ് ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും 28/06/2017 വരെ നിയമിച്ചിട്ടില്ലെന്നും ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നും എല്ലാ ഗ്രാമപഞ്ചായത്തുകളിലും ബോധവത്ക്കരണം, ക്ളോറിനേഷൻ, തോടുകൾ ഓടകൾ എന്നിവയുടെ ശുചീകരണം, പ്ലാസ്റ്റിക് മാലിന്യസംഭരണം എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിവരം കൂടി ഇതോടൊപ്പം റിപ്പോർട്ടുചെയ്തുകൊള്ളുന്നു. മൈലപ്ര ഗ്രാമപഞ്ചായത്തിലെ 27/06/2017 ലെ ശുചീകരണ പ്രവർത്തനങ്ങളുടെ ചിത്രവും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

## ആലപ്പുഴ

വാർഡ്തല ശുചീകരണ സമിതികൾ, ആരോഗ്യ സേന എന്നവരുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ, ബോധവത്കരണം, ഉറവിട നശീകരണം എന്നവ നടത്തി പഞ്ചായത്ത് അംഗങ്ങൾ, കുടുംബശ്രീ അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ഗൃഹ സന്ദർശനം നടത്തി , ഭൂരിപക്ഷം പഞ്ചായത്തുകളും ഉറവിട നശീകരണം നടത്തുകയുണ്ടായി, ലഘുലേഖകൾ

വിതരണം, ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കൂടാതെ ആറാട്ടുപുഴ , അരൂര് , ആര്യാട് , ബുധനൂര്, ചേര്ത്തല സൗത്ത്, മണ്ണഞ്ചേരി , മാരാരിക്കുളം വടക്ക് എന്നി പഞ്ചായത്തുകളിൽ ഡോക്ടര് മാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

മലപ്പുറം

ഗ്രാമപഞ്ചായത്തുകൾ കുടുംബശ്രീ പ്രവർത്തകരുടെയും ആശാവർക്കർമാരുടെയും, രാഷ്ട്രീയ പ്രതിനിധികളുടെയും, ക്ലബ്ബുകളുടെയും സഹായത്തോടെ ആരോഗ്യസന്ദേശയാത്ര, വാർഡ് തല ശുചീകരണം, മെഡിക്കൽ ക്യാമ്പ്, പ്രതിരോധ മരുന്ന് വിതരണം പകർച്ച വ്യാധികൾക്കെതിരായി സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് വീടുതോറുമുള്ള ബോധവൽക്കരണം, നോട്ടീസ് വിതരണം എന്നിവ നടത്തി വരുന്നു. വെള്ളം കെട്ടി നിൽകുന്ന സ്ഥലങ്ങൾ ഓടകൾ, കനാലുകൾ എന്നിവയുടെ ശുചീകരണം, മൈക്ക് അനൗൺസ് മെന്റ്, ഡെങ്കിപനി റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ സ്ക്വാഡുകളായി തിരിഞ്ഞ് കൊതുകിന്റെ ഉറവിട നശീകരണം, പൊതുമാർക്കറ്റുകൾ, അങ്ങാടികൾ എന്നിവയുടെ ശുചീകരണം എന്നിവയും നടത്തി വരുന്നു. ആരോഗ്യ പ്രവർത്തകരുടെ സഹായത്തോടെ ഹൈറിസ്ക് ലോറിസ്ക്, മോഡറേറ്റ് റിസ്ക് എന്നീ മേഖലകളാക്കി തിരിച്ചും പ്രത്യേക പരിപാടികൾ നടത്തി വരുന്നു. എടപ്പാൾ സെന്ററിൽ നടത്തിയ ശുചീകരണ പ്രവർത്തനം ബഹു. തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു.

കാസറഗോഡ്

കാസറഗോഡ് ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളിലും പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നത് സംബന്ധിച്ചുള്ള ശുചിത്വ പരിപാടികൾ 27.06.2017 ന് തന്നെ ആരംഭിച്ചു കഴിഞ്ഞു. ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, വ്യാപാരി സംഘടനകൾ, സ്കൂൾ പി.ടി.എ. എന്നിവരുടെ നേതൃത്വത്തിലാണ് ശുചിത്വ പരിപാടികൾ നടപ്പിലാക്കി വരുന്നത്.

ആദ്യ ഘട്ടത്തിൽ 27.06.2017 ന് സ്കൂളുകളും ടൗണുകളും കേന്ദ്രീകരിച്ച് ശുചീകരണം നടത്തി ഇതിൽ സ്കൂൾ പി.ടി.എ. കളും ടൗണിലെ വ്യാപാരികളും പങ്കെടുത്തു. 28.06.2017 ന് കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വീടുകൾ കേന്ദ്രീകരിച്ചും ശുചീകരണം നടത്തി. 29.06.2017 ന് തോട്ടങ്ങളും മറ്റും കേന്ദ്രീകരിച്ച് കൊതുകിന്റെ ഉറവിട സ്ഥലം നശിപ്പിക്കുകയും ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്, ടയർ, മറ്റ് വെള്ളം കെട്ടികിടക്കുന്ന വസ്തുക്കൾ എന്നിവ നീക്കം ചെയ്യുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ജില്ലയിലെ 38 ഗ്രാമപഞ്ചായത്തുകളിലും ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടില്ല.

ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്, കള്ളാർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങളുടെ ഫോട്ടോഗ്രാഫ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.



<u>പാലക്കാട്</u>

പാലക്കാട് ജില്ലയിൽ 28-6-2017 ന് നടന്ന ശുചീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1) വാർഡുതല ശുചീകരണം
2) കുടുംബശ്രീ പ്രവർത്തകർ, ആശാ പ്രവർത്തകർ എന്നിവർ പൊതു സ്ഥലങ്ങളിൽ ഉറവിട നശീകരണം നടത്തി
3) തൃത്താല ഗ്രാമപഞ്ചായത്തിൽ ആശുപത്രി പരിസരം ശുചീകരിച്ചു
4) ഭവന സന്ദർശനവും ബോധവത്ക്കരണവും നടത്തി
5) കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ ചിറ്റൂർ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ബോധവത്ക്കരണ ക്ലാസ്സും തുടർന്ന് ശുചീകരണവും സംഘടിപ്പിച്ചു.
6) മാലിന്യ നിക്ഷേപ സ്ഥലങ്ങൾ കണ്ടെത്തി നീക്കം ചെയ്യൽ.

പാലക്കാട് ജില്ലയിലെ കോങ്ങാട് ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടറെ നിയമിക്കുന്നതിന് തീരുമാനിച്ചു.



ഇടുക്കി

1. 27.06.2017 ൽ ജില്ലയിലെ 28 ഗ്രാമ പഞ്ചായത്തുകൾ ശുചീകരണ പ്രവർത്തികൾ നടത്തിയിട്ടുണ്ട്. അന്നേ ദിവസം ഇടുക്കി ജില്ലയിൽ ഹർത്താൽ ആയിരുന്നു.
2. 28.06.2017 ൽ ടി പഞ്ചായത്തുകൾ ഉൾപ്പെടെ ജില്ലയിലെ 42 ഗ്രാമ പഞ്ചായത്തുകൾ ശുചീകരണ പ്രവർത്തികൾ നടത്തിയിട്ടുണ്ട്. ശുചീകരണവുമായി ബന്ധപ്പെട്ട് തൊടുപുഴ, പീരുമേട് നിയോജകമണ്ഡലങ്ങളിൽ വിവിധ ഗ്രാമ പഞ്ചായത്തുകളുടെ പ്രസിഡന്റ്, സെക്രട്ടറി ,ആരോഗ്യ സ്റ്റാൻഡിംങ്ങ് കമ്മറ്റി അംഗങ്ങളുടെ യോഗം എം. എൽ. എ മാർ 28.06.2017 ൽ ആണ് വിളിച്ചിട്ടുള്ളത്.
3. 29.06.2017 ൽ ജില്ലയിലെ 52 ഗ്രാമ പഞ്ചായത്തുകൾ ശുചീകരണ പ്രവർത്തികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
4. ഇടുക്കി ജില്ലയിൽ സ.ഉ(സാധാ) നം 2096/2017 പ്രകാരം പുതിയ ഡോക്ടർ മാരെ നിയമിച്ചിട്ടില്ല.



## കോട്ടയം

കോട്ടയം ജില്ലയിലെ 71 ഗ്രാമപഞ്ചായത്തുകളിൽ 63 ഗ്രാമപഞ്ചായത്തുകൾ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കനത്ത മഴയും പ്രതികൂല കാലാവസ്ഥയും മൂലം ആർപ്പൂക്കര, എരുമേലി, കാഞ്ഞിരപ്പള്ളി, മുത്തോലി, മൂന്നിലവ്, തിരുവാർപ്പ്, ഉഴവൂർ, വെച്ചൂർ എന്നീ 8 ഗ്രാമപഞ്ചായത്തുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു.

ആശാ പ്രവർത്തകർ, ആരോഗ്യ വകുപ്പ് ജീവനക്കാർ, തൊഴിലുറപ്പ് തൊഴിലാളികൾ, ജനപ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ കൂട്ടായ പ്രവർത്തനം ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ഉണ്ടായിരുന്നു. ഇന്ന് ഒട്ടു മിക്ക ഗ്രാമപഞ്ചായത്തുകളും കോളനികളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ജില്ലയിൽ ആകമാനം 250 ൽപ്പരം ഡോക്ടർമാരുടെ സേവനം ലഭ്യമായതായും 40 ൽപ്പരം പഞ്ചായത്തുകളിൽ എലിപ്പനി, ഡെങ്കിപ്പനി എന്നിവയ്ക്ക് പ്രതിരോധ മരുന്നുകൾ നൽകിയതായും ചില ഗ്രാമപഞ്ചായത്തുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫോഗിംഗ്, ക്ലോറിനേഷൻ, പൊതു നിരത്തുകൾ, പൊതു സ്ഥാപനങ്ങൾ എന്നിവയുടെ ശുചീകരണം, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവ ഇന്നും നടത്തപ്പെട്ടു.

